**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1464** **07-02-2023 - ൽ മറുപടിയ്ക്ക്**

**തൊഴിലാളി ക്ഷേമനിധിയിൽ നിന്നുള്ള പെൻഷൻ നിഷേധിക്കുന്ന നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | തൊഴിലാളി ക്ഷേമനിധികളിൽ നിന്ന് ലഭിച്ചിരുന്ന പെൻഷൻ സാമൂഹ്യ ക്ഷേമ പെൻഷൻ ലഭിക്കുന്നവർക്ക് നിഷേധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | 06.02.2017ന് മുമ്പ് സാമൂഹ്യ സുരക്ഷാ പെൻഷനും ക്ഷേമനിധി ബോർഡ് പെൻഷനും ലഭിച്ചിരുന്നവർക്ക് ക്ഷേമനിധി ബോർഡ് പെൻഷൻ സാധാരണ നിരക്കിലും ഒരു സാമൂഹ്യ സുരക്ഷാ പെൻഷൻ 600/- രൂപ നിരക്കിലും ലഭിക്കാൻ അർഹതയുണ്ട്. 06.02.2017 മുതൽക്കുള്ള പെൻഷൻ ഗുണഭോക്താക്കൾക്ക് ഏതെങ്കിലും ഒരു പെൻഷൻ (സർക്കാർ നൽകുന്ന ഫണ്ടുപയോഗിച്ച് വിതരണം ചെയ്യുന്ന ക്ഷേമ ബോർഡ് പെൻഷൻ/സാമൂഹ്യ സുരക്ഷാ പെൻഷൻ) ഗുണഭോക്താവിന്റെ താത്പര്യമനുസരിച്ച് അർഹതാ മാനദണ്ഡങ്ങൾക്ക് വിധേയമായി ലഭിക്കുന്നതാണ്. തനതു ഫണ്ട് ഉപയോഗിച്ച് പെൻഷൻ നൽകുന്ന ക്ഷേമനിധി ബോർഡുകളിലെ പെൻഷൻ ഗുണഭോക്താക്കൾക്ക് മറ്റൊരു സാമൂഹ്യ സുരക്ഷാ പെൻഷൻ 600/- രൂപ നിരക്കിൽ ലഭിക്കുന്നതാണ്. 06/07/2018 – ന മുമ്പ് സാമൂഹ്യ സുരക്ഷാ പെൻഷൻ അനവദിക്കപ്പെട്ടവർക്ക് ലഭിച്ചു വന്നിരുന്ന ഉയർന്ന നിരക്കിലുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ തുടർന്നും ലഭിക്കുന്നതാണ്. |
| (ബി) | ചെത്തുതൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്ന് ഉൾപ്പെടെ പെൻഷൻ വാങ്ങിയിരുന്ന നിരവധി തൊഴിലാളികൾ പ്രസ്തുത തീരുമാനത്തിന്റെ പേരിൽ ദുരിതമനുഭവിക്കുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ;വിശദാംശം നൽകുമോ; | (ബി) | ചെത്തുതൊഴിലാളി ക്ഷേമനിധി ബോർഡ് തനത് ഫണ്ടിൽ നിന്നും പെൻഷൻ നൽകുന്നതിനാൽ ടി ബോർഡിലെ പെൻഷൻ ഗുണഭോക്താക്കൾക്ക് ഏതെങ്കിലും ഒരു സാമൂഹ്യ സുരക്ഷാ പെൻഷൻ 600/- രൂപ നിരക്കിൽ ലഭിക്കുവാൻ നിലവിലും അർഹതയുണ്ട്. അർഹതപ്പെട്ടവർക്കെല്ലാം ആയത് ലഭിക്കുന്നുണ്ട്. ഒരാൾ ഒന്നിലധികം ക്ഷേമനിധിയിൽ ചേരുന്നത് ആശാസ്യമല്ല. |
| (സി) | ദീർഘകാലം തൊഴിലാളി ക്ഷേമനിധിയിൽ അംശദായം അടച്ചതിന് ശേഷം പെൻഷൻ കൈപ്പറ്റുന്ന തൊഴിലാളികൾക്ക് ന്യായമായി ലഭിക്കേണ്ട ആനുകൂല്യം ഇല്ലാതാക്കുന്ന നടപടി | (സി) | 23/09/2020 - ലെ സ.ഉ(എം.എസ്) നം. 97/2020/ ധന. നം. ഉത്തരവിലെ നിബന്ധനകൾ പ്രകാരമാണ് പെൻഷൻ ആനുകൂല്യം അനുവദിച്ച് വരുന്നത്. |

| | | | |
|---|---|---|---|
| | അവസാനിപ്പിക്കുവാൻ തൊഴിൽ വകുപ്പ് മുൻകൈയെടുക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | | |

സെക്ഷൻ ഓഫീസർ